(13) സാനിട്ടേഷൻ വർക്കർമാരുടെ പ്രശ്നങ്ങൾ

ശ്രീ. ജെയിംസ് മാത്യു: സർ, കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലെയും 5 കോർപ്പറേഷനുകളിലെയും സാനിട്ടറി വർക്കേഴ്സിന്റെ ജോലിഭാരം തിട്ടപ്പെടുത്തണം എന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനം നേരിടുന്ന ഏറ്റവും ഗുരുതരമായ ഒരു പ്രശ്നമാണ് മാലിന്യ നിർമ്മാർജ്ജനം. മാലിന്യ നിർമ്മാർജ്ജനം ഏറ്റവും കൂടുതൽ നഷ്ടമാകുന്നത് നഗരപ്രദേശങ്ങളിലാണ് നഗരപ്രദേശങ്ങളിലെ മാലിന്യ സംസ്കരണത്തിന്റെ ചുമതല നേരിട്ടു നിർവ്വഹിക്കാൻ ഉത്തരവാദപ്പെട്ട ആളുകളാണ് കണ്ടിൻജന്റ് സാനിട്ടറി വർക്കേഴ്സ്. സംസ്ഥാനത്ത് അവരുടെ ജോലിഭാരം സംബന്ധിച്ച് നിലവിൽ ഒരു വ്യവസ്ഥയുമില്ല. നഗരങ്ങൾ അനുദിനം വികസിക്കുകയും, ജനസംഖ്യയും, റോഡുകളും ഇടറോഡുകളും വർദ്ധിക്കുകയാണ്. എന്നാൽ ഇതിനനുസരിച്ച് ശുചീകരണത്തൊഴിലാളികളുടെ എണ്ണത്തിൽ യാതൊരു വർദ്ധനവുമില്ല. ഒരൊറ്റ അനുഭവം മാത്രം പരിശോധിച്ചാൽ ഇത് വളരെ വ്യക്തമാണ്. തിരുവനന്തപുരം മുനിസിപ്പാലിറ്റി 1940-ലാണ് കോർപ്പറേഷനായത്. അന്ന് 32 വാർഡുകളിലായി 1,28,480 ആളുകളാണ് നഗരവാസികളായി ഉണ്ടായിരുന്നത്. 2014-ൽ തിരുവനന്തപുരം കോർപ്പറേഷനിൽ 100 വാർഡുകളും 9,72,000 ജനസംഖ്യയുമുണ്ട്. 1940-ൽ നഗരശുചീകരണത്തിനു വേണ്ടി സ്ഥിരം തൊഴിലാളികളായി 1087 പേരാണുണ്ടായിരുന്നത്. എന്നാൽ 2014 ആയപ്പോൾ നഗരശുചീകരണത്തിനുവേണ്ടി തിരുവനന്തപുരം കോർപ്പറേഷനിൽ 761 പേരാണുള്ളത്. ഇതിന് കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും പറയുന്ന ഒരു പ്രധാനപ്പെട്ട കാരണം അവർക്ക് ആവശ്യമായ പ്ലാൻ ഫണ്ട് ഗവൺമെന്റ് വകയിരുത്തുന്നില്ല എന്നുള്ളതാണ്. ഫണ്ടിന്റെ പരിമിതി കാരണം സാനിട്ടറി വർക്കേഴ്സിന്റെ വർക്ക് ലോഡ് അസസ് ചെയ്ത് കാലാനുസൃതമായി എണ്ണം വർദ്ധിപ്പിച്ചുകൊടുക്കാൻ ഒരു നഗരസഭയ്ക്കും കോർപ്പറേഷനും കഴിയുന്നില്ല. മാലിന്യമുക്ത കേരളം പദ്ധതിയെന്നു പറഞ്ഞ് നമ്മുടെ മന്ത്രിമാരും എം.എൽ.എ.-മാരും ഓരോ ദിവസവും ഓരോ സ്ഥലങ്ങളിൽ പോകും. മന്ത്രി ഒരു എലിയെ എടുത്തുപൊക്കി കാണിക്കും, ലോകം മുഴുവനും ഇത് കാണും. യഥാർത്ഥത്തിൽ ഇത് മുഴുവൻ വൃത്തിയാക്കുന്ന സാനിട്ടറി വർക്കേഴ്സിന്റെ ജോലിയെപ്പറ്റി ഗവൺമെന്റിന് യാതൊരു ധാരണയുമില്ല. വൃത്തിഹീനമായ അന്തരീക്ഷത്തിൽ ജോലി ചെയ്യുന്ന അവരുടെ ആരോഗ്യ പരിരക്ഷയ്ക്ക് ആവശ്യമായ ഉപാധികൾ ഉറപ്പുവരുത്തുക, ന്യായമായ വേതനം കൊടുക്കുക ഇതിലെല്ലാം കടുത്ത അലംഭാവമാണ് സർക്കാർ കാണിക്കുന്നത്. നിരവധി വർഷങ്ങൾ താല്ക്കാലികമായി ജോലി ചെയ്താൽ മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് സ്ഥിരം തൊഴിലാളികളാകാൻ സാധിക്കുകയുള്ളൂ. അവർക്ക് ഹാജർ ബുക്കില്ല, അവിടത്തെ ഹെൽത്ത് ഇൻസ്പെക്ടർ വന്ന് ഹാജർ വിളിക്കുകയാണ് ചെയ്യുന്നത്. ബ്രിട്ടീഷുകാരന്റെ കാലത്തുണ്ടായിരുന്നതുപോലെയാണിത്. ഹാജർ വിളിക്കുമ്പോൾ മുമ്പിൽ വന്ന് നിന്നില്ലെങ്കിൽ അന്ന് ലീവായി കണക്കാക്കും. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ വിവേചനത്തിനനുസരിച്ചാണ് ഇവരുടെ സേവനവേതന വ്യവസ്ഥകൾ. ഇതിന്റെ ഫലമായി അവർക്ക് സർവ്വീസ് ബുക്കില്ല. ഇങ്ങനെ ഒരവസ്ഥ കേരളത്തിൽ വേറെ ഏതെങ്കിലും ക്ലാസ്സ് IV ജീവനക്കാർക്ക് ഉണ്ടാകുമോ? കണ്ടിൻജന്റ്/സാനിട്ടറി വർക്കേഴ്സ് ഒരു മാസം പണിമുടക്കിയാൽ കേരളം ഇന്നു കാണുന്നതു പോലെയായിരിക്കില്ല, ചീഞ്ഞുനാറി മനുഷ്യന് നടക്കാൻ പറ്റാത്ത അവസ്ഥയുണ്ടാകും. അങ്ങനെയുള്ള ഈ തൊഴിലാളികളുടെ കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നോ മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ ഭാഗത്തുനിന്നോ യാതൊരു പരിഗണനയും ഉണ്ടാകുന്നില്ല. ഇക്കാര്യത്തിൽ അടിയന്തര പ്രാധാന്യത്തോടുകൂടി ഗവൺമെന്റ് ശ്രദ്ധ പതിപ്പിക്കണം. പ്രത്യേകിച്ച് നഗരകാര്യ വകുപ്പുമന്ത്രി ഇതിൽ ഇടപെടണം. ഇവർക്ക് മതിയായ തൊഴിൽസാഹചര്യം ഉറപ്പുവരുത്തണം. അവർക്ക് സർവ്വീസ് ബുക്ക് ഏർപ്പെടുത്തി പെൻഷൻ കിട്ടാനുള്ള സൗകര്യം ഉറപ്പുവരുത്തുകയും അവരുടെ വർക്ക് ലോഡ് അസസ് ചെയ്ത് ആ പോസ്റ്റ് സംബന്ധിച്ച് വ്യവസ്ഥയുണ്ടാക്കുകയും വേണം. അതുല്ലാതെ മാലിന്യമുക്ത കേരളം അടുത്തയാഴ്ച ശരിയാകും, അല്ലെങ്കിൽ ഒക്ടോബർ 2-ന് റെഡിയാകും എന്നു പറയുന്നത് ശരിയല്ല. അതുകൊണ്ട് ഈ തൊഴിലാളികളുടെ കാര്യത്തിൽ ഗൗരവപൂർവ്വമായ ഒരു ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം എന്ന് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സംസ്ഥാനത്തെ വിവിധ നഗരസഭകളിലായി കണ്ടിൻജന്റ് ജീവനക്കാരുടെ 5111 തസ്തികകൾ നിലവിലുണ്ട്. പൊതുനിരത്തുകൾ, പൊതുസ്ഥലങ്ങൾ, ഓടകൾ, മാർക്കറ്റുകൾ, അറവുശാലകൾ തുടങ്ങിയവയുടെ വൃത്തിയാക്കൽ, പൊതു കക്കൂസുകളുടെ ശുചീകരണം, കൊതുക നിവാരണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിവിധ ആരോഗ്യ/ശുചീകരണ പ്രവർത്തനങ്ങളാണ് ഈ തൊഴിലാളികൾ മുഖേന നിർവ്വഹിക്കുന്നത്. ഈ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള അധികാരം അതാത് നഗരസഭകൾക്കാണ്. കണ്ടിൻജന്റ് വിഭാഗം ജീവനക്കാർക്ക് പുറമെ മാലിന്യശേഖരണത്തിനും ശുചീകരണ പ്രവർത്തനങ്ങൾക്കും

കുടുംബശ്രീ യൂണിറ്റുകളെ പരമാവധി ഉപയോഗിക്കുവാൻ സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിനുപുറമേ നഗരസഭകളുടെ വിസ്തീർണ്ണം, സൃഷ്ടിക്കുന്ന ഖരമാലിന്യങ്ങളുടെ അളവ്, ജനസംഖ്യ, നഗരസഭകളുടെ സാമ്പത്തിക ശേഷി, നിലവിലുള്ള ജീവനക്കാരുടെ എണ്ണം എന്നിവ കണക്കാക്കി മതിയായ ജീവനക്കാർ ഇല്ലെന്ന് ബോധ്യപ്പെടുകയാണെങ്കിൽ അത്യാവശ്യം ജീവനക്കാരെ ദിവസവേതന അടിസ്ഥാനത്തിൽ ശുചീകരണപ്രവർത്തനങ്ങൾക്ക് നിയമിക്കുവാൻ സർക്കാർ അനുമതി നല്കിയിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ 300 തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ സർക്കാർ അനുമതി നല്കിയിരുന്നു. കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ മഴക്കാലപൂർവ്വ ശുചീകരണത്തിനായി 75 തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ സർക്കാർ ഉത്തരവായിരുന്നു. പ്രമുഖ ഉത്സവങ്ങളുമായി ബന്ധപ്പെട്ട കാലയളവിൽ മാലിന്യം നീക്കം ചെയ്യുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾക്കുമായി അധിക തൊഴിലാളികളെ നിയമിക്കുവാൻ വിവിധ നഗരസഭകൾക്ക് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ഖരമാലിന്യങ്ങൾ കേന്ദ്രീകൃത നിലയിൽ ശേഖരിച്ച് സംസ്കരിക്കുന്ന രീതിക്ക് പകരം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന രീതി സ്വീകരിച്ചു തുടങ്ങിയതോടെ മാലിന്യം നീക്കം ചെയ്യുന്നതിന്റെ ആവശ്യം ഗണ്യമായി കുറഞ്ഞുവെന്നത് ഒരു വസ്തുതയാണ്. മഴക്കാല ശുചീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ വാർഡുതല സാനിട്ടേഷൻ സമിതിയുടെ മേൽനോട്ടത്തിൽ ജനപങ്കാളിത്തത്തോടെ അധികതൊഴിലാളികളെ ഉപയോഗിച്ചാണ് ചെയ്യുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭകളുടെ ശുചീകരണവിഭാഗം തൊഴിലാളികളുടെ ജോലിഭാരം മുൻകാലത്തെ അപേക്ഷിച്ച് വളരെ കുറഞ്ഞുവെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഏതെങ്കിലും നഗരസഭകളുടെ സാനിട്ടേഷൻ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ അപര്യാപ്തതയോ അമിത ജോലിഭാരമോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ ആയത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മുനിസിപ്പൽ ജീവനക്കാരുടെ പൊതുവെയുള്ള പ്രശ്നങ്ങൾ പഠിക്കാനും അത് പരിഹരിക്കാനും എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കേണ്ടതെന്ന് പഠിക്കാൻവേണ്ടി ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly